
INDIAN JOURNAL OF MALAYALAM LANGUAGE RESEARCH STUDIES (സംസ്കൃതി)
(Open Access, Double-Blind Peer Reviewed Journal)
ISSN Online: 3108-1924 ISSN Print: 3139-4558
EDUSCHOOL ACADEMIC RESEARCH & PUBLISHERS



# കുടുംബം-കൂട്ടുകുടുംബം : ചരിത്രവും പരിണാമവും

S. Ajayakumar

Associate Professor, Department of Malayalam, S.D. College, Alappuzha, Kerala, India.

**Article information**

Received: 5th April 2026
Received in revised form: 15th May 2026
Accepted: 23rd June 2026
Available online: 28th July 2026

Volume: 2
Issue: 3
DOI: https://doi.org/10.63090/IJMLRS/3108.1924.0028

## Abstract

Man is a social being. The relationship between the individual and society is mutually complementary. Even small changes that occur within individuals can create significant movements in society. Likewise, social transformations influence individual life as well. Families act as intermediaries in the interdependence between the individual and society. The family plays a crucial role in shaping the individual and making him a social being. Therefore, the family is the very soul of the social structure. Among all living beings in the universe, human beings are distinguished by their advanced intelligence. Social norms and familial responsibilities intertwine to make humans cultured. This cultural wealth is what differentiates humans from other living beings. Society, family, and culture are closely interwoven. Moving beyond the mere definition of society as a collection of individuals, it is families that transform it into a living, dynamic structure. In this sense, William J. Goode observes that the family functions as a driving force within the social structure[1]. The family exerts a decisive influence on society, culture, and consequently on creativity. This paper discusses the distinctive family system of Kerala and its evolution.

## സാരാംശം

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹവുംവ്യക്തിയും തമ്മിലുള്ളബന്ധം പരസ്പരപൂരകവുമാണ്.വ്യക്തികളിലുണ്ടാകുന്ന ചെറിയ ചെറിയ മാറ്റങ്ങൾ പോലും സമൂഹത്തിൽ കാര്യമായചലനങ്ങൾസൃഷ്ടിക്കും.അതുപോലെസാമൂഹികപരിണാമങ്ങൾവ്യക്തിജീവിതത്തെയുംസ്വാധീനിക്കും. വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പരാശ്രയത്തിലെ മധ്യവർത്തികളാണ്കുടുംബങ്ങൾ. വ്യക്തിയെ രൂപപ്പെടുത്തുന്നതിലും അവനെ ഒരു സാമൂഹ്യജീവിയാക്കുന്നതിലും പ്രധാനപങ്കുവഹിക്കുന്നത്കുടുംബമാണ്അതുകൊണ്ടുതന്നെസാമൂഹ്യഘടനയുടെജീവാത്മാവാണ്കുടുബം.പ്രപഞ്ചത്തിലെജീവജാലങ്ങളെവർഗ്ഗപരമായിതരംതിരിച്ചാൽ സവിശേഷബുദ്ധിയാർജ്ജിച്ചവരാണ് മനുഷ്യവർഗ്ഗം. സാമൂഹികമായ കെട്ടുപാടുകളും കുടുംബപരമായ ഉത്തരവാദിത്വങ്ങളുമൊക്കെ ഇഴചേർന്ന് അവനെ സംസ്കാരമുള്ളവനാക്കുന്നു. ഈ സംസ്കാരസമ്പത്താണ് ഇതര ജീവികളിൽനിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നത്. സമൂഹവും കുടുംബവും സംസ്ക്കാരവും പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്നു. വ്യക്തികളുടെ സംഘാതമെന്ന സമൂഹത്തിന്റെ കേവലമായ അർത്ഥം വിട്ട് അതിനെ ജീവസ്സുറ്റ ഒരുഘടനയായി മാറ്റുന്നത്കുടുംബങ്ങളാണ് ഇത്തരത്തിൽകുടുംബസമൂഹികഘടനയിലെഒരുചാലകശക്തിയായിവർത്തിക്കുന്നെന്ന് വില്യം ജെ. ഗുഡേ നിരീക്ഷിക്കുന്നു[1]. കുടുംബം സമൂഹത്തിലും സംസ്കാരത്തിലും അതുവഴി സർഗ്ഗാത്മകതയിലും നിർണ്ണായക സ്വാധീനം ചെലുത്തുന്നു.കേരളത്തിന്റെ സവിശേഷ കുടുംബ വ്യവസ്ഥയെ സംബന്ധിച്ചും അതിന്റെ പരിണാമം സംബന്ധിച്ചും ചർച്ചചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

**പ്രധാന വാക്കുകൾ**:- സമൂഹം, കുടുംബം , നവോത്ഥാനം, വ്യക്തി, സംസ്കാരം, കൂട്ടുകുടുംബം, പരിണാമം, മക്കത്തായം, മരുമക്കത്തായം.

# സമൂഹം

മനുഷ്യവർഗ്ഗത്തിന്റെവികാസവുമായിബന്ധപ്പെട്ടാണ്സമൂഹംരൂപപ്പെടുന്നത്.

> *വിശപ്പിന്പരിഹാരംതേടികാടുകളിൽഅലഞ്ഞിരുന്നപ്രാകൃതമനുഷ്യനിൽനിന്നാരംഭിക്കുന്നമാനവികചരിത്രത്തിൽഒരുപ്രത്യേകദിശയിൽരൂപപ്പെടുന്നസംഘാതങ്ങളാണ്സമൂഹങ്ങൾ.പൊതുവായഒരുജീവിതരീതിഅവലംബിക്കുകയുംഒരുകുട്ടായ്മയായിസ്വയംതിരിച്ചറിയുകയുംചെയ്യുന്നവ്യക്തികളുടെസംഘടനയാണ്സമൂഹം.*[2]

മനുഷ്യവർഗ്ഗത്തിന്റെ ഒരു പുതിയഘട്ടമായിരുന്നു മനുഷ്യൻ കൂട്ടായ്മയെ സ്വയംതിരിച്ചറിഞ്ഞത്. മനുഷ്യന്റെയും സമൂഹത്തിന്റെയും ആവിർഭാവത്തിലും നിലനിൽപ്പിലും ചരിത്രപരമായ പങ്കുവഹിച്ചത് അദ്ധ്വാനമാണ്. മനുഷ്യനും ജന്തുലോകവും തമ്മിലുള്ള വ്യത്യാസവും അദ്ധ്വാനത്തിന്റെ മഹത്വംതന്നെയാകുന്നു.

മാനുഷികവികസനത്തിന്തുടക്കമിട്ടഅദ്ധ്വാനപരമായഇടപെടലുകളാണ്സമൂഹത്തെരൂപപ്പെടുത്തിയതെന്നുകാണാം.മനുഷ്യവർഗ്ഗത്തിന്റെക്രമാനുഗതമായവളർച്ചയെറഷ്യൻചിന്തകരായയെർമക്കോവയും,റാത്തിക്കൊവുംഇങ്ങനെവിലയിരുത്തുന്നു.

> *പ്രകൃതിസിദ്ധമായ വസ്തുക്കളെ വെറുതെ എടുത്തുപയോഗിക്കുന്നതിൽനിന്ന്നമ്മുടെ വിദൂരപൂർവ്വികർ ക്രമേണ അദ്ധ്വാനോപകരണങ്ങൾ നിർമ്മിക്കുന്നതിലേയ്ക്കു കടന്നു പരിസരങ്ങളുമായി വെറുതെ ഇണങ്ങുന്നതിനു പകരം മനുഷ്യന്റെശരീരം അദ്ധ്വാനവുമായി പൊരുത്തപ്പെടാൻതുടങ്ങി. ശരീരത്തെ അദ്ധ്വാനമുറകളുമായി പൊരുത്തപ്പെടുത്തുന്ന സുദീർഘപ്രക്രിയയ്ക്കിടയിൽ മനുഷ്യൻനിവർന്നു നടക്കാൻ തുടങ്ങി. മുൻകാലുകളുടെയും പിൻകാലുകളുടെയും ധർമ്മങ്ങൾ വ്യത്യസ്തമായി അവന്റെതലച്ചോറും കൈകളുംവികസിച്ചു. അദ്ധ്വാനം മനുഷ്യരുടെ കൂട്ടായ പ്രവർത്തനമായതുകൊണ്ട് അത് ഉച്ചാരിത മൊഴിയുടെയും ഭാഷയുടെയും ആവിർഭാവത്തിനും വികാസത്തിനുംസഹായകമായി.*[2]

പൊതുവായ സംസ്കാരം 'പങ്കുവെയ്ക്കുന്ന കൂട്ടമാണ്.[3] സമൂഹമെന്നും പരസ്പരബന്ധങ്ങളിലൂടെ ജീവിക്കുകയും വളരുകയും അനുഭവങ്ങൾ പൊതുവായി പങ്കുവയ്ക്കപ്പെടുകയും ചെയ്യുന്ന സമ്മിശ്രാവസ്ഥയാണ് അതെന്നും സമൂഹത്തെനിർവ്വചിച്ചുകാണുന്നു.[4]

മനുഷ്യനുമാത്രംസഹജമായഒരുസവിശേഷപ്രവർത്തനരൂപമാണ്സമൂഹം.വ്യക്തികളുടെയുംസാമൂഹ്യഗ്രൂപ്പുകളുടെയുംഅവതമ്മിൽഉയർന്നുവരുന്നതുംവിവിധസാമൂഹ്യസ്ഥാപനങ്ങളെക്രമീകരിക്കുന്നതുമായസാമൂഹ്യബന്ധങ്ങളുടെയും സാകല്യമാണത്.

സമൂഹം പ്രകൃതിയിൽനിന്ന്ഒറ്റപ്പെട്ടല്ലനിലകൊള്ളുന്നത്. നേരെമറിച്ച്മനുഷ്യനെപ്പോലെ തന്നെ അത്പ്രകൃതിയുടെ ഭാഗവും അതിന്റെ വികാസത്തിന്റെ തുടർച്ചയുമാണ്.[5] ഈനിർവ്വചനപ്രകാരം സമൂഹത്തിൽനിന്നും വേറിട്ട ഒരു ജീവിതക്രമം ഇല്ലെന്നു തെളിയുന്നു. സാമൂഹജീവിയായ മനുഷ്യൻസമൂഹത്തിൽനിന്നും ദീർഘകാലം ഒറ്റപ്പെട്ടാൽ അവനിലെ മനുഷ്യസഹജമായ ഗുണങ്ങൾ ഇല്ലാതാകുമെന്നത്ശാസ്ത്രസത്യമാണ്.

രക്തബന്ധം, രാഷ്ട്രീയബന്ധം, മതബന്ധം, ധാർമ്മികബന്ധം,സാമ്പത്തികബന്ധം തുടങ്ങിയപലതരംബന്ധങ്ങൾസമൂഹത്തിൽനിലനില്ക്കുന്നു.ഓരോരുത്തരുംഒരുതരത്തിലല്ലെങ്കിൽമറ്റൊരു തരത്തിൽ ഈസാമൂഹികബന്ധങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. കുടുംബം, അയൽക്കാർ, സമുദായം, തൊഴിൽഗ്രൂപ്പ്, ഗ്രാമം, നഗരം, സാമൂഹ്യവർഗ്ഗം എന്നിങ്ങനെ വിവിധഘടകങ്ങൾ വഴിയാണ്വ്യക്തി സമൂഹവുമായി ബന്ധപ്പെടുന്നത്.

മേൽപ്പറഞ്ഞ സാമൂഹ്യ ബന്ധങ്ങളിലും ഘടകങ്ങളിലും സമൂഹത്തിന്റെ അടിക്കല്ല് എന്നു പറയാവുന്നത് കുടുംബമാണ്.

# കുടുംബം

സമൂഹത്തിൽവ്യക്തിത്വമുള്ള (*Identity*) ഏറ്റവും ചെറിയ ഘടകമാണ് കുടുംബം.സമൂഹത്തിന്റെ നിലനില്പ്പിനും ഘടനയിലും കുടുംബം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സാമൂഹിക വ്യവസ്ഥകളെ അംഗീകരിക്കാനും അതോടൊപ്പം വ്യവസ്ഥകൾരൂപപ്പെടുത്താനും കുടുംബം കടപ്പെട്ടിരിക്കുന്നു. സ്ത്രീപുരുഷ സംയോഗത്തിൽ സദാചാരമായസംഘടനയാണ് കുടുംബം എന്ന് പറയാം. സദാചാരപരമായ

കാഴ്ചപ്പാടിൽവന്നിട്ടുള്ള മാറ്റങ്ങൾ കുടുംബ ഘടനയിലും ഗണ്യമായമാറ്റങ്ങളുണ്ടാക്കി. ഈ മാറ്റങ്ങളെ സാമൂഹ്യ ശാസ്ത്രജ്ഞർഗൗരവത്തോടെ വീക്ഷിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്.

*ജനനം കൊണ്ടോ വിവാഹം കൊണ്ടോ പരസ്പരം ബന്ധപ്പെട്ട വ്യക്തികളെ ഉൾക്കൊള്ളുന്ന പ്രധാനപ്പെട്ട സാമൂഹിക ഘടകം. മനുഷ്യസമൂഹത്തിലെ സംഘടനാരൂപങ്ങളിൽഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകവും കുടുംബം തന്നെ.ലൈംഗിക ബന്ധത്തിനും സന്താനോത്പാദനത്തിനും നിയമസാധുതയും സാമൂഹികാംഗീകാരവും വിവാഹം വഴി ലഭിക്കുന്നു. കുടുംബം സ്ഥാപിതമാകുന്നതും കുടുംബത്തിലെ അംഗസംഖ്യ വർദ്ധിക്കുന്നതും കുടുംബത്തിന്റെ സാമൂഹികനിലവാരത്തിന് മാറ്റങ്ങളുണ്ടാവുന്നതും വിവാഹ ബന്ധങ്ങളിലൂടെയാണ്.* [6]

സമൂഹവും കുടുംബവും വ്യക്തിയും തമ്മിലുള്ള ആപേക്ഷികത്വം ഈ നിർവ്വചനത്തിൽ നിന്നും മനസ്സിലാക്കാം.കുടുംബത്തെ സംബന്ധിച്ച് ആധികാരിക പഠനം നടത്തിയ അമേരിക്കൻ ചിന്തകനാണ് ലൂയിസ് എച്ച് മോർഗൻ. കുടുംബങ്ങളുടെ പരിണാമത്തെ മോർഗൻ ഇങ്ങനെ വിലയിരുത്തുന്നതായി ഫ്രെഡറിക് എംഗൽസ് ചൂണ്ടിക്കാട്ടുന്നു.

*കുടുംബം ഒരു സജീവ തത്വത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. മോർഗൻ പറയുന്നു. അതൊരിക്കലുംനിശ്ചലമല്ല മറിച്ച്, സമുദായം ഒരു താഴ്ന്നനിലവാരത്തിൽനിന്ന് ഉയർന്നനിലവാരത്തിലേയ്ക്ക് മുന്നേറുന്നതിനനുസരിച്ച്കുടുംബവും ഒരു താഴ്ന്ന രൂപത്തിൽ നിന്ന് ഒരു ഉയർന്ന രൂപത്തിലേയ്ക്ക് കുതിക്കുകയാണ് ചെയ്യുന്നത്.* [7]

സമൂഹവുംകുടുംബവും തമ്മിലുള്ള ബന്ധത്തിന്റെ ആഴങ്ങൾ അളന്നെത്താവതല്ല.വ്യക്തികളാൽ കുടുംബങ്ങളും കുടുംബങ്ങളാൽ സമൂഹവുമെന്ന നിഗമനത്തിലാണ്സാമൂഹ്യശാസ്ത്രകാരന്മാരും ചെന്നെത്തുന്നത്.സമൂഹത്തിന്റെ സവിശേഷതകൾ നിർണ്ണയിക്കുന്നത് കുടുംബങ്ങളാണ്.ഒരു വ്യക്തി കുടുംബമെന്നനിലയിൽ അവന്റെ ബാധ്യതകൾനിറവേറ്റുന്നതിൽ പരാജയപ്പെടുമ്പോൾ സമൂഹത്തിനുംനാശം സംഭവിക്കുമെന്ന് സാമൂഹ്യ ശാസ്ത്രജ്ഞനായ ഗുഡേ പറയുന്നു.[8]

സമൂത്തിന്റെനിലനില്പ്പിന് കുടുംബം വഹിക്കുന്ന പങ്കിനെസംബന്ധിച്ചും ഗുഡെ വ്യക്തമാക്കുന്നുണ്ട്.തലമുറകളുടെ നിലനിർത്തൽ, കുടുംബാംഗങ്ങളുടെആരോഗ്യപരമായ നില നിൽപ്പ്. കുട്ടികളുടെ സാമൂഹ്യമായ സ്ഥാനം,സാമൂഹ്യവത്കരണം, സാമൂഹ്യനിയന്ത്രണം ഇത്യാദി കാര്യങ്ങളിൽ കുടുംബം നിർവ്വഹിക്കുന്ന സേവനംവിലമതിക്കാനാവാത്തതാണ്. ലൈംഗികം, സാമ്പത്തികം,പ്രത്യുൽപാദനപരം,സാംസ്ക്കാരികം എന്നിങ്ങനെ നാല് ഘടകങ്ങൾ കുടുംബത്തിന്റെ സ്വഭാവ സവിശേഷതയായി ചൂണ്ടിക്കാട്ടപ്പെടുന്നു. ലൈംഗികപരമായ സദാചാരത്തിന്റെയും നിയന്ത്രണത്തിന്റെയും ഒരു സംഘടനകൂടിയാണ് കുടുംബം.

## സഗോത്രകുടുംബം

കുടുംബവ്യവസ്ഥയുടെ ആദിഘട്ടമാണ് സഗോത്രകുടുംബം. ആദിമകാലങ്ങളിൽ ഒരുവന്റെ സഹോദരിആയിരുന്നു അവന്റെ ഭാര്യ.അന്നത്തെ ആ സദാചാരത്തിന്റെ ചട്ടക്കൂടിൽ വാർത്തെടുക്കപ്പെട്ടതാണ് സഗോത്രകുടുംബം. ഈ കുടുംബവ്യവസ്ഥയിൽ അച്ഛനും മക്കളും അമ്മയും മക്കളും തമ്മിലെ പരസ്പരം വിവാഹിതരാവാതെയുള്ളു. ഓരോ തലമുറയിലുമുള്ള സഹോദരങ്ങൾ പരസ്പരം വിവാഹബന്ധത്തിൽ ഏർപ്പെട്ട് വംശപരമ്പരയെ നിലനിർത്തിപ്പോരുന്ന സംവിധാനമായിരുന്നു സഗോത്രകുടുംബം. തലമുറകൾ അനുസരിച്ച് ഓരോ വിവാഹഗ്രൂപ്പുകൾ രൂപപ്പെടുകയായിരുന്നു. അപ്പൂപ്പനമ്മൂമ്മമാരുടെയും ഇവരുടെ മക്കളുടെയുംമക്കളുടെമക്കളുടെയും ഇങ്ങനെ നീളുന്നതലമുറയിലെ അംഗങ്ങൾ പരസ്പരം ഭാര്യാഭർത്തക്കന്മാരായി കഴിഞ്ഞിരുന്നു.സഗോത്ര കുടുംബങ്ങൾ സഹസ്രാബ്ദങ്ങൾക്കുമുമ്പേ നാമാവശേഷമായികഴിഞ്ഞു. പ്രാക്തന കാലഘട്ടത്തിലെ സദാചാരാപരവും വ്യവസ്ഥാപിതവുമായ ഒരു കുടുംബ ഘടനയായിരുന്നു സഗോത്രകുടുംബം. ഈ കുടുംബരൂപം ഒഴിച്ചുകൂടാനാവാത്ത ഒരു പ്രാരംഭഘട്ടമായിരുനെന്ന് വിലയിരുത്താം.

## പുനാലുവാൻ കുടുംബം

ചങ്ങാതി എന്നർത്ഥം വരുന്ന പുനാലുവാ എന്ന വാക്കിൽ നിന്നാണ് പുനാലുവാ കുടുംബം എന്ന സംജ്ഞ ഉണ്ടാകുന്നത്.ഒരമ്മപെറ്റവരോ മാതൃ സഹോദരി പെറ്റവരോആയ മക്കൾ അവരുടെ പൊതു ഭർത്താക്കന്മാരുമായുംഅതുപോലെ സഹോദരന്മാർ പൊതുവിലുള്ള ഭാര്യമാരായിസ്വീകരിച്ചിരുന്ന കുറെ സ്ത്രീകളുമായും കഴിഞ്ഞിരുന്നകുടുംബ വ്യവസ്ഥയാണ്

പുനാലുവാൻ കുടുംബം. ഭർത്താക്കന്മാരായ സഹോദരന്മാരും ഭാര്യമാരായ സഹോദരിമാരും പരസ്പരം ചങ്ങാതിമാർ എന്ന അർത്ഥത്തിൽ പുനാലുവാ എന്നാണ് സംബോധന ചെയ്തിരുന്നത്. ഒരു നിശ്ചിത കുടുംബ വ്യവസ്ഥയിൽ ഭാര്യാഭർത്താക്കന്മാർ പരസ്പരയോജിപ്പോടെ വർത്തിച്ചിരുന്നെന്ന സവിശേഷത പനാലുവാൻ കുടുംബത്തിന്റെ പ്രത്യേകതയാണ്. സഹോദരങ്ങളെയും സോദരിമാരെയും ഒഴിച്ചുനിർത്തപ്പെട്ടുകൊണ്ടുള്ള കുടുംബങ്ങളായിരുന്നു ഇവ.

സഹോദരങ്ങൾ തമ്മിലുള്ള വിവാഹബന്ധം പ്രാക്തന സമൂഹത്തിൽ സദാചാരപരമായിരുന്നെങ്കിൽ പിന്നീട് ആ നില മാറികുടുംബവ്യവസ്ഥയിൽ കാലാന്തരത്തിൽ വന്നുചേരുന്ന പരിണാമത്തിന്റെയും വികാസത്തിന്റെയുംഉദാഹരണമാണ് രണ്ടാം ഘട്ടമായി പറയപ്പെടുന്ന പുനാലുവാൻ കുടുംബം. ഒരു സമൂഹ വിവാഹ ഘടനയായിരുന്നു ഇത്.

## യുഗ്മകുടുംബം

ഒരു പുരുഷൻ ഒരു ഭാര്യയോടൊത്ത് ജീവിക്കുന്ന വ്യവസ്ഥയാണ് യുഗ്മ കുടുംബം. ഒരു പുരുഷന്റെ അനവധി ഭാര്യമാരുടെ കൂട്ടത്തിൽ ആയാൾക്കൊരു മുഖ്യ ഭാര്യയും അതുപോലെ ഒരുവളുടെ പല ഭർത്താക്കന്മാർക്കിടയിൽ ഒരു മുഖ്യ ഭർത്താവുമെന്ന അവസ്ഥയായിരുന്നു യുഗ്മ കുടുംബത്തിൽ. ആധുനിക കുടുംബസങ്കൽപ്പത്തോട് അടുത്ത് നിൽക്കുന്നതാണ് ഇവിടെ സ്ത്രീ പുരുഷ ബന്ധം. എന്നാൽ ബഹുഭാര്യാത്വവും ഭാര്യയ്ക്ക് സംബന്ധ ഇടപാടുകളും ഉണ്ടായിരുന്നെന്നും കാണാം. യുഗ്മ കുടുംബങ്ങളിൽ സ്ത്രീയ്ക്ക് പാ തിവ്രത്യഭംഗമുണ്ടായാൽ വലിയ ശിക്ഷ നല്കിയിരുന്നു. യുഗ്മ കുടുംബത്തിൽ സ്ത്രീക്കോ പുരുഷനോബന്ധം വേർപെടുത്താൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹ ബന്ധവുംലൈംഗിക ബന്ധവും ഒഴുവാക്കിക്കൊണ്ടുള്ളകുടുംബ സങ്കൽപ്പങ്ങളുടെ തുടക്കാണ് പുനാലുവാൻ കുടുംബത്തിലും യുഗ്മ കുടുംബത്തിലും കാണുന്നത്. കാടത്തത്തിന്റെയും കിരാതത്വത്തിന്റെയും അതിർത്തിയിലെവിടെയെങ്കിലും വച്ചായിരിക്കണം യുഗ്മ കുടുംബം ഉടലെടുത്തതെന്ന് എംഗൽസ് വിലയിരുത്തുന്നു.*"സമൂഹ വിവാഹം കാടത്തത്തിന്റെയും ഏകദാമ്പത്യം നാഗരികതയുടെയും സവിശേഷതയായതുപോലെ കിരാത ദശയിലെ സവിശേഷ കുടുംബരൂപമായിരുന്നു ഇത്"*[9]

## ഏക ദാമ്പത്യ കുടുംബം

മനുഷ്യവർഗ്ഗത്തിന്റെ ഉന്നതിയിലേയ്ക്കുള്ള പ്രയാണത്തിനിടയിൽ യുഗ്മ കുടുംബത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഒന്നാണ് ഏകദാമ്പത്യ കൂടുംബം. നാഗരികതയുടെ പ്രത്യക്ഷഫലമാണിതെന്നും പറയാം. പുരുഷമേധാവിത്വത്തിൽ അധിഷ്ടിതമായതും പിതൃദായ ക്രമത്തിലുള്ളതുമായ ഒരു വ്യവസ്ഥയാണ് ഈ കുടുംബ വ്യവസ്ഥയിൽ നിലനില്ക്കുന്നത്. പിതാവിന്റെ കാലശേഷം മക്കൾക്ക് സ്വത്തിൽ അവകാശം സ്ഥാപിക്കാം. തീരെ അയവില്ലാത്ത വിവാഹ ബന്ധമാണ് ഏകദാമ്പത്യ കുടുംബത്തിലുള്ളത്. തോന്നുമ്പോൾ വിവാഹബന്ധം വേർപെടുത്താമെന്നപ്രാകൃത തത്വം ഏകദാമ്പത്യ കുടുംബത്തിലില്ല.യവനർക്കിടയിലാണ്ഈ കുടുംബരൂപംകൂടുതലായി കണ്ടിരുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ളഒരു അനു രഞ്ജനം എന്ന നിലയ്ക്കാണ് ഏക ദാമ്പത്യം ഉടലെടുക്കുന്നത്.പുരുഷൻ സ്ത്രീയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിന്റെ ഫലമാണിത്. ഇത് സ്ത്രീപുരുഷബന്ധത്തിൽ മുമ്പെങ്ങുമില്ലാത്ത സംഘർഷത്തിന് വഴി തെളിച്ചതായും ചരിത്രം പറയുന്നു.

കൃഷി സമ്പ്രദായങ്ങളും അതുമായി ബന്ധപ്പെട്ട അദ്ധ്വാനവും അടിസ്ഥാനമാക്കിയുള്ള ജീവിതക്രമം വ്യാപകമായതോടെ കുടുംബം ഉടലെടുത്തുവെന്നും തുടർന്ന് കൂട്ടു വിവാഹം അവിടെനിന്നും ബഹുഭാര്യത്വം ക്രമേണ പിതൃദായക്രമവും ഒടുവിൽ ഏകഭാര്യത്വവും എന്ന നിലയിൽ കൂടുംബം പരിണമിച്ചെന്നുമാണ് സമൂഹ്യ ശാസ്ത്രജ്ഞരുടെ വിലയിരുത്തൽ.

ഭാരതത്തിലെ സവിശേഷമായ കുടുംബവ്യവസ്ഥയാണ് കൂട്ടുകുടുംബം. കൂട്ടുകൂടുംബ സമ്പ്രദായം നിന്നിരുന്ന സ്ഥാപനങ്ങളെ തറവാടുകൾ എന്നു വിളിച്ചു വന്നു. കേരളത്തിൽ ഉയർന്ന ജാതിക്കിടയിലാണ് കൂട്ടുകുടുംബം പുലർന്നു വന്നിരുന്നത്. കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് ആധുനിക യുഗത്തിൽ അണുകുടുംബം വ്യാപകമായി കഴിഞ്ഞു.

## കൂട്ടുകുടുംബം

*ഒരു പിതൃവ്യന്റെപിൻതലമുറകളും ബന്ധപ്പെട്ടശാഖയിലുള്ളവരും ചേർന്ന് ഒരു കുടുംബനാഥന്റെ നിയന്ത്രണത്തിൽ ഒരു വലിയ വീട്ടിൽ ഒരുമിച്ചു കഴിയുന്ന വ്യവസ്ഥയാണ് കൂട്ടുകൂടുംബം. ഒന്നിലധികം ചെറുകുടുംബങ്ങൾ ഉൾപ്പെട്ടബൃഹത്തായകുടുംബം.* [10]

മക്കത്തായം മരുമക്കത്തായം എന്നിങ്ങനെ രണ്ടു ദായക്രമങ്ങൾകൂട്ടുകുടുംബങ്ങളിൽ നിലനിന്നിരുന്നു. ഇതിൽ കേരളത്തിൽ മരുമക്കത്തായ വ്യവസ്ഥയാണ് പ്രബലയിരുന്നത്. മക്കത്തായ വ്യവസ്ഥയിൽ അച്ഛനും മരുമക്കത്തായ വ്യവസ്ഥയിൽ അമ്മയുമായിരുന്നു സ്വത്തുടമകൾ. മരുമക്കത്തായസമ്പ്രദായത്തിൽ മാതൃദായ ക്രമംപാലിക്കുമ്പോഴും അധികാരവും കുടുംബത്തിന്റെനിയന്ത്രണവും മാതൃ സഹോദരനായിരുന്നു. ഇദ്ദേഹത്തെ കാരണവൻ എന്നാണ് വിളിച്ചിരുന്നത്.

മാതൃദായ ക്രമത്തിലുള്ള തറവാടു ജീവിതത്തെ കൂട്ടുകുടുംബം എന്നുപറയാം.അമ്മയും അവരുടെ മക്കളും കൊച്ചുമക്കളും, സഹോദരന്മാർ, സഹോദരിമാർ.തുടുങ്ങി എല്ലാവരുംഒരടുക്കളയിൽ പാകം ചെയ്ത്കഴിയുന്ന ഒരു ബഹത് സംവിധാനമായിരുന്നുമായിരുന്നുമരുമക്കത്തായത്തിൽഅധിഷ്ഠിതമായകൂട്ടുകുടുംബങ്ങൾ.[11]

ഗ്രാമീണ മേഖലകളിലാണ് കൂട്ടുകുടുംബം വേരുറപ്പിച്ചിരുന്നതെന്ന് സാമൂഹ്യശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ വ്യവസ്ഥാപിത കുടുംബവ്യവസ്ഥയാണ് കൂട്ടുകുടുംബങ്ങൾ, സമൂഹത്തിൽ ജാതിയിലും സമ്പത്തിലും ഉന്നതശ്രേണിയിലുള്ളവരിലാണ് ഈ സമ്പ്രദായം പരക്കെ കാണപ്പെട്ടിരുന്നത്.യാഥാസ്ഥിതിക ഹിന്ദുക്കളുടെ ഇടയിലും അപൂർവ്വമായി മുസ്ലിം വിഭാഗത്തിലും കൂട്ടുകുടുംബവ്യവസ്ഥ പാലിച്ചു പോന്നു. കൂട്ടുകുടുംബവ്യവസ്ഥയുടെ സ്വാധീനതകൾ ഇപ്പോഴുംഇന്ത്യയിലെ കുടുംബ വ്യവസ്ഥിതിയിൽ കാണാവുന്നതാണ്.

സ്വത്തിനെ സംബന്ധിച്ച പൊതു സ്വഭാവമായിരുന്നു കൂട്ടുകുടുംബവ്യവസ്ഥയുടെ ഏറ്റവും വലിയപ്രത്യേകത. കുടുംബത്തിലെഎല്ലാ അംഗങ്ങളുടെയുംസമ്പാദ്യവും വരുമാനവും ഒരു കലവറയിൽത്തന്നെ നിക്ഷേപിക്കപ്പെടുന്നു. വരവും ചിലവും ഒരു ഭണ്ഡാരത്തിൽ നിന്നു തന്നെയായിരുന്നു കൂട്ടുകുടുംബത്തിലെ രീതി. കുടുംബത്തിലെ ഏറ്റവും പ്രായം ചെന്ന പുരുഷനായിരിക്കും സമ്പത്തിന്റെ മേൽനോട്ടം വഹിക്കുന്നത്.

## പിതൃദായ കൂട്ടുകുടുംബം (മക്കത്തായം )

പിതാവിന് മേൽക്കോയ്മയുള്ള കുടുംബങ്ങളാണ് പിതൃദായ കൂട്ടുകുടുംബങ്ങൾ . ഇവിടെ മക്കത്തായ വ്യവസ്ഥിതിയാണ് നിലനിൽക്കുന്നത്. പിതാവിൽ നിക്ഷിപ്തമായിരിക്കും കൂട്ടുകുടുംബ ഭരണം. ഇത്തരം കുടുംബങ്ങളിൽ സ്ത്രീകൾക്ക് ഉയർന്ന പദവിയോ ആദരവോ ലഭിക്കുന്നില്ല. മൂത്ത പുത്രനാണ് പിന്തുടർച്ച അവകാശം ലഭിക്കുക. പിതൃദായിക ക്രമമനുസരിച്ചുള്ള കൂട്ടുകുടുംബങ്ങളിൽ സ്വത്ത് ഭാഗിക്കപ്പെട്ടിരുന്നില്ല. കേരളത്തിൽ നമ്പൂതിരി ഇല്ലങ്ങളായിരുന്നു പിതൃദായ ക്രമം പരക്കെ തുടർന്നു വന്നിരുന്നത്.

## മാതൃദായ കൂട്ടുകുടുംബം(മരുമക്കത്തായം)

മരുമക്കത്തായ വ്യവസ്ഥ പാലിച്ചു പോകുന്ന കുടുംബങ്ങളാണ് മാതൃദായ കൂട്ടുകുടുംബങ്ങൾ. സ്ത്രീയിൽ കേന്ദ്രീകൃതമായ ഒരു സംഘടനയാണ് ഇത് . ഇപ്രകാരം മരുമക്കത്തായ വ്യവസ്ഥ പാലിക്കുന്ന കൂട്ടുകുടുംബങ്ങളിൽ തറവാടുകൾ എന്നാണ് വിളിച്ചിരുന്നത്. മാതാവിൽ കേന്ദ്രീകൃതമെങ്കിലും മാതൃസഹോദരനായിരുന്നു കുടുംബത്തിന്റെ മേധാവി.ഇത്തരം കുടുംബങ്ങളിൽ പിതാവിന് യാതൊരു സ്ഥാനവും കല്പിചിരുന്നില്ല.

മാതൃദായക കൂട്ടുകുടുംബങ്ങളിൽ വിവാഹം കഴിഞ്ഞാലും സ്ത്രീകൾ തറവാട്ടിൽ തന്നെയാണ് കഴിയുന്നത്. സംബന്ധം ഏർപ്പാടും വ്യാപകമായുണ്ടായിരുന്നു. വളരെ അയഞ്ഞ വിവാഹബന്ധം ആയിരുന്നു തറവാടുകളിൽ നിലനിന്നിരുന്നത്. തറവാട്ടിലെ അംഗസംഖ്യ ക്രമാതീതമായി പെരുകിയതോടെതായ് വഴികളായി പിരിഞ്ഞു.തായ് വഴികളുടെയെല്ലാംആവശ്യ നിർവ്വഹണംതറവാട്ടിലെ കാരണവർ (മാതൃസഹോദരൻ) തന്നെയാണെന്ന് നിർവഹിച്ചു പോന്നത്.വ്യക്തിസ്വത്ത് എന്ന ഒരു ഏർപ്പാട് തറവാട്ടിൽ ഇല്ല .എല്ലാവരുടെയും സമ്പാദ്യം ഒരിടത്തു തന്നെ നിക്ഷേപിക്കുകയും ഒരുപോലെ ചിലവു ചെയ്യപ്പെടുകയും ചെയ്യുന്നു. മക്കളെക്കാൾ മരുമക്കൾക്കായിരുന്നു സ്വത്തിൽ അവകാശം. ഇത് പിന്നീട്കൂട്ടുകുടുംബങ്ങളിൽ ആഭ്യന്തര സംഘർഷത്തിനുംഅതുവഴി തറവാടുകളുടെ തകർച്ചയ്ക്കുംഇടയാക്കി. കേരളത്തിലെ നായർവിഭാഗത്തിനിടയിലാണ് മാതൃദായ കൂട്ടുകുടുംബം സാധാരണയായി കണ്ടുവരുന്നത്. ഇരുപതാം നൂറ്റാണ്ടോടെ തറവാടുകൾ പൂർണമായും ക്ഷയിച്ചെങ്കിലും കൂട്ടുകുടുംബ പാരമ്പര്യം പിന്തുടരുന്നഅപൂർവ്വം കുടുംബങ്ങൾഇപ്പോഴും കേരളത്തിലുണ്ട്.

## മരുമക്കത്തായം വന്നവഴി

> *അഭിജാത യാദവകുടുംബങ്ങളിൽ വിദേശികൾ സംബന്ധികൾ ആയതാണ് മരുമക്കത്തായത്തിന്റെ ഉദ്ഭവത്തിനു കാരണമായതെന്ന് രാജകുടുംബങ്ങളുടെ ഉല്പത്തി പരിശോധിക്കുമ്പോൾ മനസ്സിലാക്കാം. മലയാളത്തിലെ മേൽത്തട്ടുകാരായ യാദവർ മക്കത്തായികളായിരുന്നു.കേരള ചരിത്രത്തിൽമരുമക്കത്തായം സ്വീകരിച്ചതായി അറിയുന്നആദ്യകുടുംബം മൂഷിക വംശമാണ്.*[12]

അധികാരവും രാജ്യതന്ത്രവുമായി ബന്ധപ്പെട്ടാണ് രാജവംശങ്ങളിൽ ഈ വ്യവസ്ഥ സ്വീകരിച്ചു പോന്നത്. മൂഷിക വംശത്തിന്റെ മരുമക്കത്തായ സ്വീകാര്യത്തിനുശേഷം രണ്ടു നൂറ്റാണ്ട് കഴിഞ്ഞ് വേണാട്ട് രാജകുടുംബം മരുമക്കത്തായ വ്യവസ്ഥ സ്വീകരിച്ചു. കോത മാർത്താണ്ഡൻ എന്ന വേണാ ട്ടുരാജാവിന്റെ പിൻഗാമിയായി അദ്ദേഹത്തിന്റെ ഭാഗിനേയനായ രാമൻ കേരളവർമ്മയാണ് അധികാരം ഏറ്റെടുത്തത്.

വേണാട് രാജവംശത്തിന്റെ മരുമക്കത്തായ വത്ക്കരണത്തിനു ശേഷം ഏറെക്കാലം കഴിഞ്ഞ് പെരുമ്പടപ്പ് രാജവംശവും ഈ രീതി തുടർന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. രാജവംശത്തിൽ നിന്നും നാടുവാഴികളിലേക്കും അതുവഴി പ്രഭു കുടുംബങ്ങളിലേക്കും മരുമക്കത്തായ വ്യവസ്ഥ വളരെ വേഗം വ്യാപിച്ചതായി 'പ്രാചീന കേരളത്തിന്റെ രാഷ്ട്രീയ ചരിത്ര 'ത്തിൽ കെ.ശിവശങ്കരൻ നായർ രേഖപ്പെടുത്തുന്നു.

നാടുവാഴി കൂട്ടുകുടുംബങ്ങൾ രുമക്കത്തായം സ്വീകരിച്ചപ്പോൾ സ്വാഭാവികമായും പ്രഭു കുടുംബങ്ങളിലും അത് വ്യാപിക്കുന്നു. എന്തെന്നാൽ നാടുവാഴി കുടുംബങ്ങളിലെ പുരുഷന്മാർ പ്രഭു കുടുംബങ്ങളിൽ നിന്നും വിവാഹം കഴിക്കുകയും അതിൽ ജനിക്കുന്ന സന്തതികൾക്ക് പിന്തുടർച്ച അവകാശംലഭിക്കാൻ പ്രേരണ ചെലുത്തുകയുംചെയ്യുമ്പോൾ പ്രഭു കുടുംബങ്ങളുംമരുമക്കത്തായംസ്വീകരിക്കാൻ പ്രേരിതരാകുന്നു.ദേശവാഴി കുടുംബങ്ങളെല്ലാം ഇപ്രകാരം മരുമക്കത്തായികളാവുകയും അതുവ്യാപകമാവുകയും ചെയ്തു.

കേരളത്തിലെ മരുമക്കത്തായ വ്യവസ്ഥ ബ്രാഹ്മണ മേധാവിത്വം അടിച്ചേൽപ്പിച്ചതാണെന്ന് പറയാനാവില്ല. എങ്കിലും സ്വത്ത് - ഭരണം- അവകാശം- നിലനിൽപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ബ്രാഹ്മണർ കേരളത്തിലെ പ്രഭു കുടുംബങ്ങളുമായി സംബന്ധത്തിലേർപ്പെട്ടു . ഇത് മരുമക്കത്തായ വ്യവസ്ഥയ്ക്ക് തുടക്കമിടാൻ പ്രധാനകാരണമായെന്നുപറയാം. എണ്ണത്തിൽ കുറവ് മലയാളത്തെ സംബന്ധിച്ച് വിദേശികളുമായ ബ്രാഹ്മണർ വംശവർദ്ധനവിനും നിലനിൽപ്പിനും വേണ്ടിയാണ് അക്കാലത്തെ ഉയർന്ന കുടുംബങ്ങളായ നായർ തറവാടുകളുമായി ബന്ധം സ്ഥാപിച്ചത്. ഇത് പിന്നീട് ഒരു കീഴ് വഴക്കമാവുകയും അതുവഴി മക്കത്തായ വ്യവസ്ഥയോടൊപ്പം മരുമക്കത്തായ വ്യവസ്ഥവ്യാപകമാവുകയും ചെയ്തു.

# കൂട്ടുകുടുംബവ്യവസ്ഥയുടെപരിണാമം

## സാമൂഹിക മാറ്റം

സാമൂഹികഘടന ഒരിക്കലും സ്ഥായിയായി നിലനിൽക്കുന്നതല്ല. വ്യക്തികളുടെ സംഘാതമായ സമൂഹത്തിൽ വ്യക്തികളുടെ ജീവിതത്തിലും-അഭിരുചിയിലും വരുന്ന മാറ്റങ്ങൾ ദൂരെ വ്യാപകമായ ഫലങ്ങൾ ഉളവാക്കും .ഇവയാണ് സാമൂഹിക മാറ്റങ്ങളായി അനുഭവപ്പെടുന്നത്.ചലനാത്മകത സമൂഹത്തിന്റെ മുഖമുദ്രയാണ് .മനുഷ്യജീവിതത്തിന്റെ രീതികൾ അനുസരിച്ച്സാമൂഹിക അവസ്ഥകൾ സ്വയംപരിണമിക്കുകയോ പരിണാമത്തിന് നിർബന്ധിതമാവുകയോ ചെയ്യും.

സാമൂഹ്യ പരിണാമത്തിന് സാമൂഹ്യ ചരിത്രകാരന്മാർ പല നിർവ്വചനങ്ങളും കാരണങ്ങളും കണ്ടെത്തുന്നു. ഭൂമിശാസ്ത്രം, സംസ്കാരം, ജനസംഖ്യ ആശ്രയസംഹിതകൾ തുടങ്ങിയവ ജീവിതചര്യയിൽ വരുത്തുന്ന വ്യതിയാനമോ ഒരു ഗ്രൂപ്പിൽ തന്നെ വിവിധ സംസ്ക്കാരങ്ങളുടെ കൂടിച്ചേരലോ സാമൂഹ്യമാറ്റമാണ്. സാമൂഹ്യസ്ഥാപനങ്ങളിലും ഘടനയിലും സാമൂഹ്യ പ്രക്രിയകളിലും കാണുന്ന മാറ്റമാണ് സാമൂഹ്യപരിണാമം.

> *സാമൂഹ്യ ബന്ധങ്ങളിൽകാണുന്ന മാറ്റം. ഇത് പലതരത്തിലുള്ള മാറ്റങ്ങളുടെ ആകെ തുകയാണ്. ജീവിത സാഹചര്യങ്ങൾ, താല്പര്യങ്ങൾ, വിശ്വാസങ്ങൾ എന്നിവ ഇതിൽപെടും. ഇവയിൽ മനുഷ്യൻ ബോധപൂർവ്വം വരുത്തുന്ന മാറ്റങ്ങളും സാമൂഹ്യമാറ്റമാണ്*.[13]

മനുഷ്യരുടെ ചെയ്തികളിലും ചിന്തകളിലും വന്നുചേരുന്ന പരിഷ്കാരം, സാമൂഹ്യസ്ഥാപനങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും വരുന്ന പരിണാമം, സാംസ്കാരിക പരിണാമം, എന്നിങ്ങനെ നിർവ്വചനങ്ങൾ നീളുന്നു. ജനസമൂഹത്തെ ഒന്നായി ബാധിക്കുന്നതരം പരിണാമങ്ങളാണ് സാമൂഹികമാറ്റമെന്ന് ഈ നിർവ്വചനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ജനതതിയുടെ സ്വഭാവം, ജീവിതചര്യ, സാമൂഹ്യബന്ധങ്ങൾ എന്നിവയെല്ലാം സാമൂഹിക പരിണാമത്തിന്റെ പരിധിയിൽ വരും.

പ്രകൃതിഘടകങ്ങൾ, സാങ്കേതികഘടകങ്ങൾ, സാമ്പത്തികഘടകങ്ങൾ ,സാംസ്കാരിക ഘടകങ്ങൾ, രാഷ്ട്രീയ ഘടകങ്ങൾ എന്നിങ്ങനെ വിവിധ സാഹചര്യങ്ങൾ സാമൂഹിക പരിണാമത്തിന് കാരണമാകുന്നു. കാലാവസ്ഥ ,പരിസ്ഥിതി, സമൂഹം, നദി, ഭൂകമ്പം, അഗ്നിപർവ്വതം, വെള്ളപ്പൊക്കംതുടങ്ങിയവയാണ് പ്രകൃതി ഘടകം എന്നതു കൊണ്ടർത്ഥമാക്കുന്നത്. സാങ്കേതിക രംഗത്തെ നേട്ടങ്ങൾ സമൂഹത്തിന്റെ പരിണാമത്തിന് ഹേതുവാകും. വൈദ്യുതി,റേഡിയോ, റെയിൽവേ, ന്യൂക്ലിയർ ബോംബുകൾ, അച്ചടിവിദ്യ തുടങ്ങിയവയെസാങ്കേതിക ഘടകങ്ങളിൽ പെടുത്താം. ജാതിവ്യവസ്ഥ, മതം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവയെ സാമൂഹിക ഘടകങ്ങളായും വ്യവസായവത്കരണം, കാർഷികമേഖലയിലെ അഭിവൃദ്ധി തുടങ്ങിയവ സാമ്പത്തിക ഘടകത്തിലും യുദ്ധങ്ങൾ, അധിനിവേശങ്ങൾ, സാമ്രാജ്യത്വസ്ഥാപനംതുടങ്ങിയവയെ രാഷ്ട്രീയ ഘടകത്തിലുംപെടുത്താവുന്നതാണ്.

ആഗോളതലത്തിൽ ലോക മഹായുദ്ധങ്ങൾ, ഒക്ടോബർ വിപ്ലവം, വ്യവസായ വിപ്ലവം തുടങ്ങിയവ സാമൂഹിക വ്യവസ്ഥയുടെ പരിണാമത്തിന് ഹേതുവായ ഭൗതീകസാഹചര്യങ്ങളാണ്. സാമൂഹികമാറ്റങ്ങളെ ദ്രുതഗതിയിലുള്ള പരിണാമം എന്നും മന്ദഗതിയിലുള്ള പരിണാമം എന്നും തരം തിരിക്കാം.ഒരവസ്ഥയിൽ നിന്നും മറ്റൊരവസ്ഥയിലേയ്ക്ക്സാമൂഹിക ക്രമം മാറുന്നതിനെടുക്കുന്നകാലയളവനുസരിച്ചാണ്ഈ തരം തിരിവ്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ അധീശശക്തികൾക്കെതിരെ നടത്തുന്ന കലാപങ്ങൾ അധികാരവ്യവസ്ഥയിൽഅട്ടിമറികൾ ഉണ്ടാക്കാറുണ്ട്.ഒക്ടോബർ വിപ്ലവത്തിന്റെ ഫലം സാമൂഹിക വ്യവസ്ഥിതിയിൽ വളരെ പെട്ടെന്നാണ് മാറ്റമുണ്ടാക്കിയത് .

ദ്യതഗതിയിലുള്ള സാമൂഹിക പരിണാമത്തിന് ഇത് ഉദാഹരണമാണ് . ലോകവ്യാപകമായി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വ്യാപനം പല ഘട്ടങ്ങളിലൂടെ സംഭവിച്ചതാണ്. വാണിജ്യപരമായി ഓരോ രാജ്യത്തും ചുവടുറപ്പിക്കുകയും പിന്നീട് സാംസ്കാരികവും രാഷ്ട്രീയവും സാമൂഹികവുമായ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന ബ്രിട്ടീഷ് ആധിപത്യവും അതിന്മേൽ രൂപപ്പെട്ടു വന്ന സാമൂഹ്യചര്യകളും മന്ദഗതിയിലുള്ള സാമൂഹ്യ പരിണാമത്തിന് ഉദാഹരണമാണ്.

ലോകസമൂഹക്രമത്തിൽ മാർക്സിസ്റ്റ് ആശയങ്ങൾ ഉണ്ടാക്കിയ ചലനങ്ങൾ ചെറുതല്ല. സാമ്പത്തിക സാഹചര്യങ്ങളാണ് സാമൂഹികപരിണാമത്തിൽ നിർണായക പങ്കുവഹിക്കുന്ന മറ്റൊരു ഘടകം. കേരളത്തിന്റെ സാമൂഹ്യഘടനയിൽസംഭവിച്ച പരിണാമങ്ങൾക്കും രാഷ്ട്രീയ-സാംസ്കാരിക- സാമ്പത്തികമായ നിരവധികാരണങ്ങൾചൂണ്ടിക്കാട്ടാം.

## കേരളീയ നവോത്ഥാനം

ജാതിമത ചിന്തകളിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ ചുറ്റുപാടായിരുന്നു പുരോഗതിയുടെ ആദ്യനാൾ കേരളത്തിൽ നിലനിന്നിരുന്നത്. ബ്രാഹ്മണ മേധാവിത്വത്തിന്റെ ഫലമായി അടിച്ചേൽപ്പിക്കപ്പെട്ട ചാതുർവർണ്യം പോലുള്ള തരംതിരിവുകൾ മനുഷ്യരെ തമ്മിൽ കൂടുതൽ അകറ്റി.പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കടന്നുവരവോടെ സമ്പ്രദായം കൂടുതൽ ശക്തിപ്രാപിച്ചു. വിദ്യാഭ്യാസ മേഖലയിലും ശാസ്ത്രസാങ്കേതിക രംഗത്തുംബ്രിട്ടീഷ് ഭരണം കാര്യമായ പരിവർത്തനം വരുത്താൻ ശ്രമിച്ചെങ്കിലുംഇതിന്റെ സദ്ഫലങ്ങൾ ചില തത്പരകക്ഷികളിൽ ഒതുങ്ങി. വിദേശീയരായ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക മേഖലകളിൽ കൂടുതൽ സങ്കീർണ്ണമാക്കി.എന്നാൽ ഭാഷാപരമായും വിദ്യാഭ്യാസപരമായും മിഷനറിമാർ കൈരളിക്ക് വിലപ്പെട്ട സംഭാവനകൾ നൽകി. ഇങ്ങനെ ഗുണദോഷങ്ങളുടെ സമ്മിശ്രാവസ്ഥ വിദേശ മേധാവിത്വംഉളവാക്കി.നാടുവാഴികളുടെ വ്യവസ്ഥയ്ക്ക് അന്തിം കുറിക്കാൻ പാശ്ചാത്യപ്രഭാവം വഴിവച്ചു

സമൂഹത്തിലെ ജാതിപരമായ ഉച്ചനീചത്വങ്ങളെ പ്രതിരോധിക്കാൻ ക്രിസ്ത്യൻ മിഷനറിമാരുടെയും പാതിരിമാരുടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഒരു പരിധി വരെ കഴിഞ്ഞു.മതപരിവർത്തനം എന്ന ജാതിവത്കരണത്തിലൂടെയാണ് ഇവർ ഇത് സാധ്യമാക്കിയതെന്നത് ഈ പ്രവർത്തനങ്ങളുടെ മാറ്റ് കുറയ്ക്കുന്നു .ഇംഗ്ലീഷ് വിദ്യാഭ്യാസം നവോത്ഥാന പ്രവണതകളുടെ ഊർജ്ജസ്രോതസായി മാറി .എന്നാൽ ജാതി വ്യവസ്ഥയ്ക്ക്

പകരം ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം വളരാൻ ആംഗലേയവിദ്യാഭ്യാസം ഇടവരുത്തി. ഗുമസ്തന്മാരും അതുവഴി വെള്ളക്കോളർ ഉദ്യോഗസ്ഥ സംസ്കാരവും വ്യാപിച്ചതോടെ കേരളത്തിന്റെ സാംസ്കാരികരംഗത്ത് പ്രകടമായമാറ്റങ്ങളുണ്ടായി. കേരളത്തിന്റെ ജീവനാഡിയായിരുന്ന കാർഷിക സംസ്കാരത്തിന് മങ്ങലേൽക്കുകയും കൃഷി സാമ്പത്തിക സ്ഥിതിയായിരുന്നു സമൂഹത്തിൽ മനുഷ്യരെ പലതട്ടുകളായി തരം തിരിച്ചതിന്റെ അടിസ്ഥാനം. തൊഴിൽ,സമ്പത്ത് തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് ജാതി വ്യവസ്ഥ ഉടലെടുക്കുന്നത്. പിൽക്കാലത്ത് കാർഷിക സംസ്കാരം അവസാനിക്കുകയും ഉദ്യോഗവും സമ്പത്തും കൈവശപ്പെടുത്തിയ വിഭാഗങ്ങൾ ചാതുർവർണ്യത്തിന്റെ മറ്റൊരു മുഖമായിത്തീരുകയും ചെയ്തു. ഈ സാമൂഹ്യ സാഹചര്യത്തിലാണ് നവോത്ഥാന പ്രവണതകളമായിസാമുദായിക- സാമൂഹ്യ സംഘടനകൾകേരളത്തിൽ വേരു പിടിക്കുന്നത്.

ചട്ടമ്പിസ്വാമികൾ (*1854-1924*), ശ്രീനാരായണഗുരു (*1856-1928*) എന്നിവരുടെ സാമൂഹ്യ പ്രവർത്തനങ്ങളാണ് കേരളനവോത്ഥാനത്തിന് ആക്കംകൂട്ടിയ പ്രധാനഘടകം. ഹിന്ദുക്കളുടെയിടയിൽ നിലനിന്നിരുന്ന അസമത്വങ്ങൾക്കും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പുരോഗമനവാദികൾ സന്ധിയില്ലാ സമരം ആരംഭിച്ചു. ജാതീയമായ ഉച്ചനീചത്വങ്ങളും ബ്രാഹ്മണ മേധാവിത്വത്തിന്റെ കെടുതികളുമാണ് ഇരുവരെയും അസ്വസ്ഥമാക്കിയിരുന്നത്. വിദ്യാഭ്യാസ മേഖലയിലും ജീവിതക്രമത്തിലും നവീനമായ ദർശനങ്ങൾ അവതരിപ്പിക്കുകയും ഇതിന് ജനപിന്തുണ ആർജ്ജിച്ചെടുക്കുകയും ചെയ്തതോടെ ചട്ടമ്പിസ്വാമികളുടെയും നാരായണഗുരുവിന്റെയും പ്രവർത്തികൾക്ക് ഫലമുണ്ടായി. ഈ ഫലം കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ ദൂരവ്യാപകമായ ചലനങ്ങൾ ഉളവാക്കി.

സമൂഹത്തിലെ ബഹുഭൂരിപക്ഷം ഉണ്ടായിരുന്ന നായർ-ഈഴവ സമുദായങ്ങളെയാണ് ചട്ടമ്പിസ്വാമികളുടെയുംനാരായണഗുരുവിന്റെയുംപ്രവർത്തനങ്ങൾ സ്വാധീനിച്ച്ത്. അങ്ങനെ ഈ സമുദായങ്ങൾക്ക് സംഘബോധവും സമരവീര്യവും കൈവന്നു.പിന്നീടിങ്ങോട്ടുള്ള സാമൂഹ്യ പരിണാമത്തിൽ നായർ - ഈഴവ സമുദായങ്ങൾ നിർണായകമായ സ്വാധീനം ചെലുത്തി.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥ പൊളിച്ചെഴുതാൻ ശ്രീനാരായണഗുരു നടത്തിയ ശ്രമങ്ങൾ സമൂഹത്തിൽ കാര്യമായ ഫലങ്ങൾ ഉളവാക്കി .ഈഴവ സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഗുരു തുടച്ചു നീക്കി. ബഹുഭാര്യാത്വവും ബഹുഭർതൃത്വവും മരുമക്കത്തായവും മറ്റും കാലാഹരണപ്പെട്ടതാണെന്നും ഈ മാമൂലുകളിൽ നിന്നും ഈഴവ സമുദായം മോചനം പ്രാപിക്കണം എന്നും അദ്ദേഹം ആഹ്വാനം ചെയ്തു .ഈഴവരുടെ ഇടയിൽ തന്നെയുള്ള ഉച്ചനീചത്വങ്ങളും തിരണ്ടുകുളി, താലികെട്ട് തുടങ്ങിയ ഏർപ്പാടുകളും പാടില്ലെന്ന ഗുരുവിന്റെ നിലപാട് സമൂഹ്യചരിത്രം തന്നെ മാറ്റിയെഴുതി.

ശ്രീനാരായണ ഗുരുവിന്റെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് *1903* മെയ് *15*ന് എസ്.എൻ.ഡി.പി യോഗം നിലവിൽ വന്നു. ഡോക്ടർ പൽപ്പു, കുമാരനാശാൻ, ആർ. ശങ്കർ തുടങ്ങിയവരായിരുന്നു ഈ പ്രസ്ഥാനത്തിന്റെ അമരക്കാരായി പ്രവർത്തിച്ചത്. എസ് എൻ ഡി പി യുടെ ആവിർഭാവം ഇതര ജനവിഭാഗങ്ങൾക്കും മാതൃകയായി . *1907*ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ സാധുജന പരിപാലനയോഗം രൂപവൽക്കരിച്ചു. ഹരിജനങ്ങളുടെ സർവ്വോന്മുഖമായ പുരോഗതിയായിരുന്നു പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

*1908*-ൽ നമ്പൂതിരി സമുദായം യോഗക്ഷേമ സഭയ്ക്കുംരൂപം നൽകി. *1914* ഒക്ടോബർ *31*-ന് ചങ്ങനാശ്ശേരി പെരുന്നയിൽ മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ എൻ.എസ്.എസ് എന്ന സംഘടനയിലൂടെ നായർ യുവാക്കൾ സംഘടിച്ചു.നായർ സമുദായത്തിൽ നിലനിന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എല്ലാറ്റിനും ഉപരി കാരണവന്മാരുടെ യാഥാസ്ഥിതിക നിലപാടുകൾക്കും എതിരെ യുവ ശബ്ദമുയർന്നു. ഇത് കേരള സംസ്ക്കാരത്തിലും സാമൂഹ്യ ജീവിതത്തിലും വ്യക്തമായ ചലനങ്ങൾ സൃഷ്ടിച്ചു. അക്കാലത്ത് നായർ കുടുംബങ്ങളിൽ നിലനിന്നിരുന്ന ആചാരങ്ങളെയും ആഡംബരങ്ങളെയും നായർ യുവാക്കൾ പുച്ഛിച്ചുതള്ളി.

സ്വാതന്ത്ര്യസമരത്തിനുവേണ്ടി ഉടലെടുത്ത ദേശീയ പ്രസ്ഥാനങ്ങളും ഇക്കാലത്ത് കേരളത്തിൽ വേരോടി തുടങ്ങിയിരുന്നു. തൊഴിലാളി മേഖലയിലും പുത്തൻ ഉണർവും അവകാശ ബോധവും തലയുയർത്തി.ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയ സ്വാധീനം എല്ലാറ്റിനുമുപരി ജനതയെ ഒറ്റക്കെട്ടായിക്കാണാനുള്ള പ്രേരണ ചെലുത്തി.സ്വാമി ദയാനന്ദ സരസ്വതിയുടെ ആര്യസമാജം, തിയോസഫിക്കൽ സൊസൈറ്റി, ബ്രഹ്മസമാജംതുടങ്ങിയ സംഘടനകളും സ്വാമി വിവേകാനന്ദൻ, ശ്രീ ശങ്കരാചാര്യൻ, ശ്രീരാമകൃഷ്ണ പരമഹംസൻ,

രാജാറാം മോഹൻറോയി, തുടങ്ങിയ ആചാരന്മാരുടെ ജീവിതവും കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് ആത്മബലം പകർന്നു.

*1924-* ലെ വൈക്കം സത്യാഗ്രഹം, *1931* ലെ ഗുരുവായൂർ സത്യാഗ്രഹം, മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, നിവർത്തന പ്രക്ഷോഭം, ചാന്നാർ ലഹള, മലബാർ ലഹള തുടങ്ങിയ പ്രക്ഷോഭങ്ങളും സി. കൃഷ്ണൻ, ടി കെ മാധവൻ, കെ. കേളപ്പൻ, എ. കെ ഗോപാലൻ, ഇ.എം.എസ് നമ്പൂതിരിപ്പാട്, പി. കൃഷ്ണപിള്ള, മുഹമ്മദ് അബ്ദുൾ റഹ്മാൻ, കെ. പി.ആർ.ഗോപാലൻ,സി.കേശവൻ,ടി.എം.വർഗീസ് തുടങ്ങിയവരുടെനേതൃത്വവും മാതൃകാ പരമായപ്രവർത്തനങ്ങളും കേരളത്തിന്റെ സാമൂഹിക-സാംസ്കാരികചരിത്രം തിരുത്തിയെഴുതി. സാമൂഹിക പരിണാമത്തോടൊപ്പം സമൂഹത്തിലെ ചെറിയ ഘടകങ്ങളായ കുടുംബ വ്യവസ്ഥയിലും സമൂലമായ പരിവർത്തനങ്ങൾ അനുഭവപ്പെട്ടു. കേരളത്തിലെ സവിശേഷ കുടുംബ സമ്പ്രദായമായ കൂട്ടുകുടുംബ വ്യവസ്ഥയുടെ പ്രസക്തി നഷ്ടപ്പെടുകയും ആ സ്ഥാനത്ത് അണുകുടുംബസങ്കല്പം വ്യാപകമാവുകയും ചെയ്തു.

## കൂട്ടുകുടുംബത്തിന്റെ ഗുണങ്ങൾ

കേരളത്തിന്റെ പ്രത്യേകതയായ കാർഷിക ജീവിതസാഹചര്യത്തിൽ അനുയോജ്യം കൂട്ടുകുടുംബ സമ്പ്രദാനമായിരുന്നു.സ്വത്തിന്റെയും കൃഷി ഭൂമിയുടെയും ഏക കേന്ദ്രീകൃത വ്യവസ്ഥകാർഷികവൃത്തിക്ക് അത്യന്താപേക്ഷിതമായിരുന്നു.ഇത്തരത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയിലും ഉത്പാദനപ്ര്യയയിലും കൂട്ടുകുടുംബങ്ങൾനിർണായകപങ്കുവഹിച്ചു.

ഭക്ഷണത്തിന്റെയുംനിലനിൽപ്പിന്റെയുംകാര്യത്തിൽ കൂട്ടുകുടുംബത്തിലെ ഓരോ അംഗത്തിനുംസംരക്ഷണം നൽകാൻ കൂട്ടുകുടുംബങ്ങൾക്ക് കഴിഞ്ഞിരുന്നു.നിരവധി അംഗങ്ങൾ ഉള്ള കുടുംബത്തിൽ മനുഷ്യർതമ്മിലുള്ള സഹകരണവുംസഹവർത്തിത്വവും ആവശ്യമായിരുന്നു.ഇത്തരത്തിൽ മാനുഷികമായ ഒരു കെട്ടുറപ്പ് ഉണ്ടാക്കാൻ പഴയകുടുംബ സമ്പ്രദായത്തിന്കഴിഞ്ഞു.കൂട്ടുകുടുംബങ്ങളിൽ ഓരോരുത്തർക്കുംഓരോ ജോലികൾ നിഷ്ക്കർഷിക്കപ്പെട്ടിരുന്നു.തൊഴിൽപരമായ വിഭജനം കുടുംബത്തിന് ഒരു കൂട്ടുത്തരവാദിത്വത്തിന്റെ ശക്തി നൽകി. കേരളത്തിന്റെതൊഴിൽ സംസ്കാരത്തിൽ ആഴത്തിൽ പതിഞ്ഞ ഒന്നായിരുന്നു കൂട്ടുകുടുംബത്തിലെ തൊഴിൽ വിഭജനം.കുടുംബത്തിൽ ഓരോരുത്തരുടെയും ജോലിഭാരംകുറയ്ക്കാൻ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കാനുംകഴിഞ്ഞു.

കുടുംബത്തിലെ ഓരോ അംഗത്തിനും കൂട്ടുകുടുംബസാഹചര്യം കൂടുതൽ ആത്മവിശ്വാസം നൽകി. പ്രതിസന്ധിഘട്ടങ്ങളിൽ കുടുംബത്തിന്റെ ഉറച്ച പിന്തുണ ലഭിക്കുന്ന വ്യക്തി മാനസികമായും കർമ്മപരമായും കൂടുതൽ ഊർജ്ജസ്വലനായിരുന്നു. ഇത് ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ നിന്നും അവനെ കൈപിടിച്ചുയർത്തി. അണുകുടുംബങ്ങളിൽ പരക്കെ കണ്ടുവരുന്ന കൂട്ട ആത്മഹത്യകൾ വ്യക്തികൾക്ക് കുടുംബത്തിന്റെ പിന്തുണയോ സുരക്ഷിതത്വമോ ലഭിക്കാത്തത് മൂലമാണ്. കൂട്ടുകുടുംബങ്ങളിൽ ആരും ഒറ്റപ്പെടുന്ന അവസ്ഥയിലായിരുന്നു. ജന്മ വൈകല്യങ്ങൾ രോഗങ്ങൾ തുടങ്ങിയവയാൽ അവശത അനുഭവിക്കുന്നവർക്കും വിധവകൾക്കും കുടുംബത്തിന്റെ പരിരക്ഷണം ലഭിച്ചിരുന്നു. കൂട്ടുകുടുംബത്തിൽ ഓരോ അംഗത്തിനും സാമൂഹ്യസുരക്ഷ ലഭിച്ചിരുന്നുന്നത് ഏറെ ശ്രദ്ധേയ മാണ്.

കൂട്ടുകുടുംബത്തിലെ മറ്റൊരു പ്രധാന സവിശേഷത സാമ്പത്തിക സുരക്ഷിതത്വമായിരുന്നു. വരവുകൾ മുഴുവൻ ഒരേ ഖജനാവിൽ എത്തിച്ചേരുകയും അവിടെ നിന്ന് തുല്യമായി ചെലവ് നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു. ചെലവുകൾ കൂട്ടായി നിർവ്വഹിക്കപ്പെടുന്നതിനാൽ നഷ്ടങ്ങൾ ലഘൂകരിക്കപ്പെടുന്നു. കൂടുതൽ വിശ്രമവേളകൾ ലഭിക്കുകയും ജീവിതം ഉല്ലാസഭരിതമാവുകയും ചെയ്യുന്നു. അങ്ങനെ കൂട്ടുകുടുംബത്തിന്റെ മാനസ്സികമായ ഉണർവും വളർച്ചയും സാധ്യമാകുന്നു. കൂട്ടുകുടുംബങ്ങളിൽ വളരുന്ന ആൺകുട്ടിയായാലും പെൺകുട്ടിയായാലും കുടുംബാംഗങ്ങളാൽ ഒരുപോലെ നിരീക്ഷിച്ചപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു. ഒരു ജനതയുടെ സാംസ്കാരികമായ നന്മയ്ക്ക് കൂട്ടുകുടുംബങ്ങളിലെ ചിട്ടകൾ (*Discipline)* പ്രയോജനപ്പെടുന്നു.

ജീവിത സാഹചര്യങ്ങൾ കണ്ടു പഠിക്കാനും നേതൃപരമായ കഴിവുകൾ ആർജ്ജിക്കാനും മതപരവും വിശ്വാസപരവുമായ അടിത്തറയിടുവാനും കൂട്ടുകുടുംബങ്ങൾക്ക് കഴിഞ്ഞു. കൂട്ടുകുടുംബങ്ങളിലെ അംഗങ്ങൾ സമൂഹത്തിന്റെ ബഹുമാനത്തിനും പ്രതീക്ഷയ്ക്കും പാത്രങ്ങളായിരുന്നു. സംസ്ക്കാരത്തിന്റെ അച്ചിൽ വാർത്തെടുക്കപ്പെട്ട മാതൃകകൾ ആയിരുന്നു അവർ.മാനുഷികവും ഭൗതികവും പ്രായോഗികവുമായ തലങ്ങളിൽതലയുയർത്തി നിൽക്കുന്ന വ്യക്തികളെ കൂട്ടുകുടുംബങ്ങൾ സംഭാവന ചെയ്തു. ഈ ഗുണ വിശേഷങ്ങൾ മൂലം

നൂറ്റാണ്ടുകളോളം ഭാരതത്തിന്റെ സാമൂഹ്യവ്യവസ്ഥയിൽ സജീവഘടകമായിരുന്നു കൂട്ടുകുടുംബങ്ങൾ

## ദോഷങ്ങൾ

സാമ്പത്തികവും സാമൂഹികവുമായ ഉയർന്ന നിലവാരം പുലർത്തിയിരുന്ന കൂട്ടുകുടുംബങ്ങളിൽ അംഗങ്ങൾക്ക് ശ്രമകരമായ ജോലികൾ ചെയ്യേണ്ടി വന്നില്ല. ഇത് പലരെയും അലസന്മാരും സുഖലോലുപരുമാക്കി മാറ്റി. കുടുംബത്തിന്റെ കൂട്ടുത്തരവാദിത്വത്തിൽ അഭയം കണ്ടെത്തിയ ഇക്കൂട്ടർ സാമൂഹികമായി അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയായിരുന്നു. നേതൃപരമായും ബുദ്ധിപരമായും കൂട്ടുകുടുംബത്തിലെ ഒരു വിഭാഗം മാത്രം ഉയർന്നുവന്നു. മറ്റുള്ളവർ അവരുടെ തണലിൽ വ്യക്തിത്വംനഷ്ടപ്പെട്ടവരായികഴിയേണ്ടി വന്നു.

കുടുംബങ്ങളിൽ സ്ത്രീകൾതൊഴിൽപരമായി അടിച്ചമർത്തപ്പെട്ടനിലയിൽ ആയിരുന്നു. സ്ത്രീകൾക്ക് അവരുടെ യഥാർത്ഥ കഴിവുകൾ വളർത്തിയെടുക്കാനോ പ്രകടിപ്പിക്കുവാനോ അവസരം ഉണ്ടായിരുന്നില്ല. വീട്ടുവൃത്തികളിൽ തളച്ചിടപ്പെട്ട വ്യക്തിത്വമായിരുന്നു അവരുടേത്.

അനവധി അംഗങ്ങൾ ഒന്നിച്ച് വസിക്കുന്നത് കൊണ്ടുതന്നെ വ്യക്തികൾതമ്മിലുള്ള സംഘർഷങ്ങൾക്കും അവസരം ഏറി. വ്യത്യസ്തമായ ചിന്തകളുംതാല്പര്യങ്ങളുമായി കഴിഞ്ഞിരുന്ന രക്തബന്ധുക്കൾ പലപ്പോഴും പരസ്പരം ഏറ്റുമുട്ടി.തലമുറകളുടെ വിടവും( *Generation Gap)* കൂട്ടുകുടുംബത്തിലെ ആശാന്തിക്ക് കാരണമായി.പൊതുവായ വരവും ചിലവും കൂട്ടുകുടുംബങ്ങളിൽ പലരുടെയും വ്യക്തിത്വത്തെ ഇടിച്ചുതാഴ്ത്തി. അത്യാവശ്യ ചിലവുകൾ പോലും നിർവഹിക്കാൻ വഴിയില്ലാതെ പുരുഷന്മാർ നിർദ്ധനരും അതുവഴി നിർഗുണരുമായിത്തീർന്നു. സാമ്പത്തിക പരാധീനത പലരെയും വഴിവിട്ട പ്രവർത്തികൾക്ക് പ്രേരിപ്പിച്ചു. അങ്ങനെ കളവും കള്ളക്കണക്കും വ്യാപകമായി. അനേകം അംഗങ്ങളുള്ള കൂട്ടുകുടുംബത്തിൽ സ്വകാര്യത നഷ്ടപ്പെട്ടു. യുവതലമുറയിൽ പെട്ട പലർക്കും ഈ അവസ്ഥ താങ്ങാനാകാത്തതായി. അങ്ങനെ സ്വസ്ഥത നഷ്ടപ്പെട്ട ഒരു കൂട്ടർ ചിത്രഭ്രമംതുടങ്ങിയ രോഗങ്ങൾക്കും അടിമകളായി

സ്വത്ത് സംബന്ധിച്ച കൂട്ടുത്തരവാദിത്വം ഒട്ടേറെ പ്രശ്നങ്ങൾക്ക് ഇടയാക്കി. കുടുംബ വരുമാന മാർഗമായ കൃഷിയെ സംരക്ഷിക്കുകയെന്നത് ഒരാളുടെ മാത്രം ഉത്തരവാദിത്വ മായിരുന്നില്ല. അതിനാൽ പരസ്പരം പഴിചാരി എല്ലാവരും ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞു. ഇതുമൂലം വരവ് കുറയുകയും എന്നാൽ ചെലവ് വർദ്ധിക്കുകയും ചെയ്തു. സമ്പത്തിന്റെ ഉറവിടമായ കൃഷി സംരക്ഷിക്കാൻകഴിയാതെ വന്നതോടെ കുടുംബങ്ങളുടെജീവിതനിലവാരം താണു. കുടുംബത്തിലെ അംഗങ്ങൾക്കിടയിൽ സ്വത്ത് സംബന്ധിച്ച തർക്കം രൂക്ഷമായി. തർക്കങ്ങൾ കോടതിയിൽ എത്തിയപ്പോൾ സമ്പാദ്യങ്ങൾ കേസ് നടത്തിപ്പിനായി ധൂർത്തടിക്കേണ്ടിയുംവന്നു. കാരണവരുടെ യാഥാസ്ഥിതിക സമീപനം കുടുംബത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. മാമൂലുകളിൽ പിടിച്ചുള്ള കാരണവരുടെ നിലപാടുകൾ കുടുംബത്തെ പുരോഗതിയിലേക്ക് നയിച്ചില്ല. ഇതുമൂലം സാമൂഹ്യ സാഹചര്യങ്ങൾക്കനുസരിച്ച് നിലനിൽക്കാനും കൂട്ടുകുടുംബങ്ങൾക്ക് കഴിഞ്ഞില്ല.

കൂട്ടുകുടുംബങ്ങളിൽ വ്യക്തിവികാസത്തിന് പരിമിതിയുണ്ടായിരുന്നു. വ്യക്തികൾക്ക് മുന്നിൽ കുടുംബവ്യവസ്ഥകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി. കുടുംബാംഗം എന്ന നിലയിൽ ഇത് പാലിക്കാതിരിക്കാൻ വ്യക്തിക്കും കഴിഞ്ഞില്ല. അങ്ങനെ വ്യക്തിയിലെ കഴിവുകളും പ്രതിഭയും കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്ന തറവാടുകളുടെ നാലുകെട്ടുകൾക്കുള്ളിൽ തളച്ചിടപ്പെട്ടു. കുടുംബാംഗങ്ങൾക്കിടയിൽ നിലനിന്ന വെറുപ്പും അസൂയയും, കുടുംബത്തിലെ അംഗപെരുപ്പം, ആത്മവിശ്വാസമില്ലായ്മ, തൊഴിൽപരമായ അനിശ്ചിതത്വം മാനസിക പിരിമുറുക്കങ്ങൾ തുടങ്ങിയവയായിരുന്നു കുടുംബാംഗങ്ങളുടെ ആകെത്തുക.

## പരിണാമ കാരണങ്ങൾ

ഇന്ത്യയുടെ ഗ്രാമീണ(*Rural)* സാമൂഹ്യക്രമത്തിൽ ഏറ്റവും അനുയോജ്യമായ ഒന്നായിരുന്നു കൂട്ടുകുടുംബവ്യവസ്ഥ. മാറിവന്ന സാമൂഹിക-സാമ്പത്തിക- രാഷ്ട്രീയ സാഹചര്യങ്ങൾ കൂട്ടുകുടുംബവ്യവസ്ഥയുടെ തകരുന്നതിന്കാരണമായി.

# താമസ സൗകര്യത്തിന്റെ അപര്യാപ്തത

കൂടുതൽ അംഗങ്ങളുള്ള കൂട്ടുകുടുംബത്തിൽ എല്ലാവർക്കു സ്വസ്ഥമായികഴിയാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. പാർപ്പിടത്തെ സംബന്ധിച്ച കുടുംബാംഗങ്ങളുടെ അതിർത്തികൾ വളർന്നു വലുതായി കുടുംബാംഗങ്ങളുടെ വിഭജനത്തിൽ കലാശിച്ചു.

## താല്പര്യ സംരക്ഷണം

വ്യക്തി സ്വാതന്ത്ര്യത്തെയാണ് ഇവിടെ അർത്ഥമാക്കുന്നത്. കാരണവരുടെ കീഴിലുള്ള പാരതന്ത്ര്യം അംഗങ്ങൾക്ക് താങ്ങാനാവുന്നതായിരുന്നില്ല.കുടുംബത്തിലെ നിയന്ത്രണങ്ങളും ചിട്ടകളും ഓരോരുത്തരുടെയും താത്പര്യത്തെ ഹനിച്ചു.സ്വതന്ത്രമായ ജീവിതം കുടുംബാംഗങ്ങളുടെ തീവ്രഅഭിലാഷമായിമാറി.

## തൊഴിൽപരമായ അവസരങ്ങൾ

കൃഷിയിൽഅധിഷ്ഠിതമായ ഒരു സമ്പദ് വ്യവസ്ഥയിലാണ് കൂട്ടുകുടുംബങ്ങൾ നിലനിന്നിരുന്നത്. കാർഷിക സമ്പത്ത് വ്യവസ്ഥയിൽ മറ്റു തൊഴിലവസരങ്ങൾ കുറവായിരുന്നു. കാലാന്തരത്തിൽ പുതിയ പുതിയ തൊഴിലവസരങ്ങൾ ഉണ്ടായതോടെ കുടുംബാംഗങ്ങൾ മറ്റു ജോലികൾ തേടി പോകുകയും കൂട്ടുകുടുംബങ്ങൾ ഭിന്നിക്കുകയും ചെയ്തു.

## വിദ്യാഭ്യാസവ്യാപനം

തൊഴിൽപരമായഅവസരങ്ങൾ ഒഴുകുന്നതിൽ വിദ്യാഭ്യാസം പ്രധാന പങ്കുവഹിച്ചു. ഗ്രാമീണാന്തരീക്ഷത്തിൽ അധിഷ്ഠിതമായിരുന്നു കൂട്ടുകുടുംബങ്ങൾ.അനന്തരകാലത്ത് വിദ്യാഭ്യാസം വ്യാപകമായതോടെ കൂട്ടുകുടുംബങ്ങളിലെ യുവാക്കൾ വിദ്യ തേടി അന്യനാടുകളിലേക്ക് പോയി . അതുവഴിഅവർ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തുകയും ചെയ്തു.

## പാശ്ചാത്യ വിദ്യാഭ്യാസം

ഇന്ത്യൻസാമൂഹ്യപരിണാമത്തിന് വഴിയൊരുക്കിയ ഒരു പ്രധാനഘടകമാണ് പാശ്ചാത്യ വിദ്യാഭ്യാസം. ഇത് കുടുംബ വ്യവസ്ഥയുടെ പരിണാമത്തിനും നിർണായകമായ പങ്കുവഹിച്ചു. സ്വതന്ത്രബോധം മറ്റു രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതരീതി, ആഗോളതലത്തിലുള്ള വികാസപരിണാമങ്ങൾ തുടങ്ങിയസാമൂഹ്യ സാഹചര്യങ്ങൾ പാശ്ചാത്യവിദ്യാഭ്യാസത്തിലൂടെ ഭാരതീയർ അടുത്തറിഞ്ഞു. ഇത് കൂട്ടുകുടുംബങ്ങളിലെ യുവതലമുറയെ വ്യക്തിത്വമുള്ളവരാക്കിത്തീർത്തു.

## സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം

കൂട്ടുകുടുംബങ്ങളിൽ സ്ത്രീകൾ തൊഴിൽപരമായി അടിച്ചമർത്തപ്പെട്ടവരായിരുന്നു. എന്നാൽ മാറിവന്ന സാമൂഹ്യ സാഹചര്യത്തിൽ സ്ത്രീകൾ കൂടി പണിയെടുത്താലേ കുടുംബം പുലരൂ എന്ന നിലവന്നു.വ്യവസായശാലകളിലും സർക്കാർ ഓഫീസുകളിലും മറ്റും സ്ത്രീകളും തൊഴിലവസരങ്ങൾ കണ്ടെത്തി.ഇതോടെ സ്വകാര്യ സ്വത്ത്, കുടുംബം തുടങ്ങിയ സങ്കല്പങ്ങളിൽ പുതിയ മാനം കൈവന്നു.സ്ത്രീകളുടെസാമ്പത്തിക സ്വാതന്ത്ര്യം സാമൂഹികപരിണാമത്തിൽ വ്യക്തമായ സ്വാധീനം ചെലുത്തി.

## കാർഷിക വൃത്തിയിൽ വന്ന തകർച്ച

കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ അടിക്കല്ല് കാർഷിക സമ്പദ് വ്യവസ്ഥ ആയിരുന്നു . പുതിയ പുതിയ തൊഴിലവസരങ്ങൾ വരുകയും കൃഷിയോടുള്ള താല്പര്യം യുവതലമുറയ്ക്ക് ഇല്ലാതാവുകയും ചെയ്തു . കൂട്ടുകുടുംബങ്ങളിലെ സ്വത്തുക്കൾ വിഭജിക്കപ്പെട്ടപ്പോൾ കൃഷിഭൂമി കൈവന്ന പലർക്കും കൃഷി കൈകാര്യം ചെയ്യാൻ അറിയാത്തവരായിരുന്നു . അവർ ജീവിത ചിലവിന് മറ്റ്മാർഗ്ഗങ്ങൾ തേടി . വ്യവസായ വിപ്ലവം ഉളവാക്കിയ സാമൂഹ്യ സാഹചര്യമാണ് കാർഷിക സംസ്കാരത്തിന് ഏറ്റ വലിയ തിരിച്ചടി.

## സ്വസ്ഥതയും സ്വകാര്യതയും

കൂട്ടുകുടുംബങ്ങളിലെഅംഗങ്ങൾ തമ്മിലുള്ള കലഹങ്ങൾ യുവതലമുറയെ അലോസരപ്പെടുത്തി.സ്വസ്ഥമായ ജീവിതത്തിന് കൂട്ടുകുടുംബങ്ങൾ വിട്ടുപോകണമെന്ന ചിന്ത ഈ തലമുറയിൽ രൂഢമായി. അംഗങ്ങളുടെ എണ്ണപ്പെരുപ്പത്തിൽ അസ്വസ്ഥരായവർ സ്വകാര്യതയെ സംബന്ധിച്ചും ആശങ്കാകുലരായിരുന്നു . കൂടുതൽ സന്തോഷകരവും സംതൃപ്തി ദായകവുമായ ഒരു ജീവിതം കൂട്ടുകുടുംബത്തിന് വെളിയിൽഅവർ സ്വപ്നം കണ്ടു.

## ആധുനികജീവിത സാഹചര്യങ്ങൾ

സമൂഹത്തിൽഅടിക്കടി ഉണ്ടായ പുരോഗതികൾ കൂട്ടുകുടുംബ വ്യവസ്ഥയ്ക്ക് അനുകൂലമായില്ല. ശാസ്ത്ര സാങ്കേതിക രംഗത്തെ നേട്ടങ്ങൾ കുടുംബ സങ്കല്പത്തിൽകാര്യമായി മാറ്റമുണ്ടാക്കി.ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെട്ടതോടെഒരു ദേശം വിട്ട് മറ്റൊരു ദേശത്തേക്ക്

അനായാസമായി മാറാൻ കഴിഞ്ഞു . വാർത്താവിനിമയ രംഗങ്ങളിൽ ഉണ്ടായ വളർച്ച അയൽ രാജ്യങ്ങളിലെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടാൻ അവസരമൊരുക്കുകയും അതുവഴി അവരുടെ ജീവിത പാത പിന്തുടരാൻ ശ്രമിക്കുകയും ചെയ്തു.

ഇന്ത്യയിലാകമാനം ഉണ്ടായ സാമൂഹ്യ സാഹചര്യങ്ങൾ കേരളത്തിലും വ്യക്തമായ സ്വാധീനംചെലുത്തി. കൂട്ടുകുടുംബവ്യവസ്ഥിതിയും മരുമക്കത്തായവും നിലനിന്നിരുന്ന തറവാടുകൾ കേരളത്തിലും തകർന്നടിഞ്ഞു തുടങ്ങി. 'നായർ മേധാവിത്വത്തിന്റെ പതനം' എന്നഗ്രന്ഥത്തിൽ റോബിൻ ജഫ്രീ അന്നത്തെ കേരളത്തിലെ കൂട്ടുകുടുംബ തറവാട്ടുകളുടെ അവസ്ഥ ചൂണ്ടിക്കാട്ടുന്നു. തറവാട് വഴക്കാളികളായ അമ്മമാരുംഅലസരായ യുവാക്കളും കുടിലനയജ്ഞരായ മുതിർന്നവരുംതമ്മിലുള്ള അവസാനം ഇല്ലാത്ത എതിർപ്പിന്റെ രംഗമായും ഭവിച്ചു. മാറിയസാമൂഹ്യ സാഹചര്യങ്ങൾ മനസ്സിലാക്കാതെആഭിജാത്യത്തിലും നിത്യയായ അഭിമാന ചിന്തയിലുംവ്യാപൃതരായി നായർവിഭാഗം കഴിഞ്ഞുപോന്നു. മുതിർന്ന തലമുറയും യുവതലമുറയും തമ്മിലുള്ള നിരന്തരമായ ഏറ്റുമുട്ടലും തറവാട്ട് സ്വത്തുക്കൾ സ്വാർത്ഥമായി അന്യാധീനം ചെയ്ത കാരണവന്മാരുമൊക്കെ കൂട്ടുകുടുംബം എന്ന കെട്ടുറപ്പിന്റെ അടിത്തൂണുകൾ ഇളക്കിയതായി 'ജീവിതസ്മരണ'കളിൽ മന്നത്തു പത്മനാഭനും രേഖപ്പെടുത്തിയിട്ടുണ്ട്. മലബാർവിവാഹനിയമം (*1896*) തിരുവിതാംകൂർ നായർ റെഗുലേഷനുകൾ (*1910, 1925)* മദ്രാസ് മരുമക്കത്തായ നിയമം (*1960)* തുടങ്ങിയവയും ഭൂപരിധി നിയമങ്ങളും മറ്റും കൂട്ടുകുടുംബങ്ങളുടെ ശക്തി ക്ഷയിപ്പിച്ചു. അങ്ങനെ മരുമക്കത്തായ വ്യവസ്ഥ നിലനിന്നിരുന്ന ഈ കൂട്ടുകുടുംബങ്ങൾ വിഭജിക്കപ്പെടുകയും തത്സ്ഥാനത്ത് അണുകുടുംബങ്ങൾ വേരുറപ്പിക്കുകയും ചെയ്തു.

# അവലംബങ്ങൾ

1. Goode, W.J "The Family" Columbia University. Prentice Hall of India (Private) Ltd., New Delhi – 1965
2. Julep Kurlia, "Man's Behavior: An Introduction to Social Science" ManMillan Company New York - 1967.
3. Evert.M.Rogers, "Social Change in Rural Society" Appleton - Century-Crafts, New York - 1960.
4. Cooley.C.H "The Social Process" Charles Scribner's Sons, New York-1918.
5. യെമർക്കോവ അന്തൊരീന, റാത്തിക്കൊവ് വലന്തീൻ. വർഗ്ഗങ്ങളും വർഗ്ഗസമരവും എന്നാലെന്ത് ? വി.വ. ഗോപാലകൃഷ്ണൻ. പ്രോഗ്രസ്സ് പബ്ളിഷേഴ്സ് മോസ്കോ-1990.
6. സർവ്വവിജ്ഞാന കോശം-മലയാളം,1997:559
7. ഫ്രഡറിക് എംഗൽസ് - കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം, പ്രോഗ്രസ്സ് പബ്ലിക്കേഴ്സ് .മോസ്കോ-1980.
8. Goode, W.J "The Family" Columbia University. Prentice Hall of India (Private) Ltd., New Delhi – 1965
9. ഫ്രഡറിക് എംഗൽസ് - കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം, പ്രോഗ്രസ്സ് പബ്ലിക്കേഴ്സ് .മോസ്കോ-1980.
10. സർവ്വവിജ്ഞാന കോശം-മലയാളം,1997:560
11. Sreedhara Menon. A, Cultural Heritage of Kerala an Introduction,East West Publication PVT Ltd, Cochin, 1978, PP-201.

    The family or Tarawad in the matriarchal society was a joint family consisting of all the descendants of a common ancestress in the female line. The mother and all her children, all grandchildren, by the daughters, all her brothers and sisters and the descendant on the sister's side lived together in the same home sharing a common kitchen and enjoying all her property and after her death, they shared her property in common with one another.
12. ശിവശങ്കരൻ നായർ.കെ. പ്രാചീന കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം. ഡി.സി.ബുക്സ്-1998.
13. Mac Iver,R.M, C.H Page, Society' Mac Millan Company London - 1952.